പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1814 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.ജീവനക്കാരുടെ ശമ്പളം

ചോദ്യം | മറുപടി

ശ്രീ.ടി.വി.ഇബ്രാഹിം | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ കൂടി സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാന ത്തിലോ അല്ലാതെയോ കൃത്യദിവസങ്ങളിൽ ജോലി നോക്കുന്ന ആരോഗ്യമുള്ള ജീവനക്കാർക്ക് പ്രതിമാസ ശമ്പളം നൽകുമ്പോൾ വിവിധ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതിനാൽ കൃത്യമായി ലൈൻ ഡ്യൂട്ടി ചെയ്യാനാവാത്തവർക്ക് സപ്ലിമെന്ററി എന്ന പേരിൽ ഒന്നര വർഷത്തിലധികമായി കെ.എസ്.ആർ.ടി.സി ശമ്പളം നൽകാതിരിക്കുന്നത് മാനുഷി കമൂല്യങ്ങൾക്ക് നിരക്കുന്നതാ ണെന്ന് കരുതുന്നുണ്ടോ; | (എ) യും (ബി) യും | നിലവിൽ സപ്ലിമെന്ററി സാലറി ഇനത്തിൽ 2018 മാർച്ച് മുതലുള്ള ബില്ലുകളിൻമേൽ തുക വിതരണം നടത്തിയിട്ടില്ല. ആയതിനായി 6.89 കോടി രൂപ ആവശ്യമാണ്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയാണ് ഈ തുക വിതരണം ചെയ്യാൻ കഴിയാത്തതിന് കാരണമായിരിക്കുന്നത്.<br>ഈ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്ന നോൺ ഡിപ്പാർട്ട്മെന്റൽ റിക്കവറി (എൻ.ഡി.ആർ) ഡിപ്പാർട്ട്മെന്റൽ റിക്കവറി (ഡി.ആർ) എന്നിവ അതാത് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ ലിക്വിഡ് ക്യാഷ് കോർപ്പറേഷന്റെ കൈവശം ഉണ്ടാകില്ല. എൻ.ഡി.ആർ. തുക റിക്കവറി നടത്തി വിവിധ ധനകാര്യ സ്ഥാപനങ്ങളിലും സഹകരണ സൊസൈറ്റികളിലും ഒടുക്കുവാൻ കുടിശ്ശികയുള്ളത് 30.37 കോടി രൂപയാണ്. മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, അരിയർ ഇനത്തിൽ 8.58 കോടി രൂപ, സപ്ലിമെന്ററി സാലറി ഇനത്തിൽ 6.89 കോടി രൂപ, പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റ് എൻ.ആർ.എ. വായ്പ ഇനത്തിൽ 11.77 കോടി രൂപ, എൻ.പി.എസ്. ഇനത്തിൽ 102.50 കോടി രൂപ എന്നിങ്ങനെ |
| (ബി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നീതിയുക്തമായി മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നല്കി അത്തരക്കാരുടെ ശമ്പളവും ഇതിനോടനുബന്ധിച്ച് നൽകാൻ ആവശ്യമായ സംവിധാനം ഒരുക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | എങ്കിൽ മുടക്കം വന്നിട്ടുള്ള ഈ ശമ്പളം എന്ന് വിതരണം നടത്തുമെന്ന് വ്യക്തമാക്കാമോ? | (സി) യും | വിവിധ ശീർഷകത്തിലായി ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകാൻ മൊത്തം 160.11 കോടി രൂപയുടെ കുടിശ്ശികയുണ്ട്. വരുമാനത്തിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ടി കുടിശ്ശിക തീർക്കുന്നുണ്ട്. 12/2017, 01/2018, 02/2018 മാസങ്ങളിലെ സപ്ലിമെന്ററി സാലറി ഒറ്റത്തവണയായി 02/2019 ൽ നൽകിയിട്ടുണ്ട്. നിലവിൽ സപ്ലിമെന്ററി സാലറി ഇനത്തിൽ 2018 മാർച്ച് മുതലുള്ള ബില്ലുകളിൻമേൽ തുക വിതരണം നടത്തിയിട്ടില്ല. ആയതിനായി 6.89 കോടി രൂപ ആവശ്യമാണ്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ടി തുക വിതരണം ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**